# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4273 20.03.2018 ൽ മറുപടിയ്ക്ക്

### മോട്ടോർ വാഹന വകുപ്പിനെ പരിഷ്കരിക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിനെ കാലികമായി പരിഷ്കരിക്കുന്നതിനും നവീകരിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | (എ) | കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് കമ്പ്യൂട്ടർവൽക്കരിച്ചു. ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കൽ കമ്പ്യൂട്ടർവൽക്കൃത വാഹന പരിശോധനാകേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങൽ ആൽക്കോ മീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനിക വൽക്കരണ പരിപാടികൾ നടപ്പിലാക്കി. അമിത വേഗതമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൂടുതൽ സ്പീഡ് ക്യാമറകൾ സ്ഥാപിക്കുക, ഡ്രൈവിംഗ് സ്കൂൾ അദ്ധ്യാപകരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും അതുവഴി പുതിയ ഡ്രൈവിംഗ് ടെസ്റ്റ് എടുക്കുന്നവരുടെ ഡ്രൈവിംഗ് നിലവാരം വർദ്ധിപ്പിക്കുന്നതിനുമായുള്ള പദ്ധതി നടപ്പിലാക്കുക, എല്ലാ ജില്ലകളിലും കമ്പ്യൂട്ടറൈസ്ഡ് വാഹന പരിശോധനാ കേന്ദ്രങ്ങളും, ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുക, ചെക്ക് പോസ്റ്റുകളിലെ പെർമിറ്റിനും മറ്റ് ഇതര സേവനങ്ങൾക്കുമായുള്ള പൊതുജനങ്ങളുടെ നീണ്ട നിര കുറയ്ക്കുന്നതിനുവേണ്ടി കൂടുതൽ ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കുക എന്നീ പദ്ധതികൾ പുരോഗമിക്കുന്നു. കൂടാതെ പൊതുജന സുരക്ഷ ഉറപ്പുവരുത്തുന്നതിന് അപകട സാധ്യതയുള്ള ചരക്കുകൾ വഹിക്കുന്ന വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന ചെക്ക് പോസ്റ്റുകളിൽ ആർ.എഫ്.ഐ.ഡി.സിസ്റ്റം എന്ന സംവിധാനം നടപ്പിലാക്കൽ, സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ നീക്കം നിരീക്ഷിക്കുന്നതിനായി ജി.പി.എസ്. ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുക, നിലവിലുള്ള സ്റ്റേജ് കാര്യേജ് വാഹനങ്ങളുടെ സമയപട്ടിക ഡിജിറ്റലൈസ് ചെയ്ത് അതുവഴി പൊതുഗതാഗത സംവിധാനത്തിന്റെ നിലവാരം |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനും പൊതു ജനങ്ങൾക്ക് കൂടുതൽ പൊതുഗതാഗതത്തിലേയ്ക്ക് ആകർഷിക്കുന്നതിനും തൻമൂലം ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിനും വേണ്ടിയുള്ള "ഇന്റലിജന്റ് ട്രാൻസ്പോർട്ട് സിസ്റ്റം" എന്ന പദ്ധതി നടപ്പാക്കുന്നതിനും മോട്ടോർ വാഹന ഓഫീസുകളിലും വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിലും എൻഫോഴ്സ്മെന്റ് സ്ക്വാഡിലും "പോയിന്റ് ഓഫ് സെയിൽ " മുതലായ ആധുനിക മൊബൈൽ പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിലും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്ത പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനമോടിച്ച് അപകടങ്ങൾ വർധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത്തരം സംഭവങ്ങൾ ആവർത്തിക്കുന്നില്ല എന്നുറപ്പുവരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | പ്രായപൂർത്തിയാകാത്ത കുട്ടികൾ സ്കൂളിൽ പോകുന്നതിനും മറ്റ് ആവശ്യങ്ങൾക്കുമായി ഇരുചക്രവാഹനങ്ങൾ സംസ്ഥാന വ്യാപകമായി ഉപയോഗിക്കുന്നതായും ഇതുമൂലം ഗുരുതരമായ അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽ പ്പെട്ടതിനാൽ ഇക്കാര്യത്തിൽ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രായപൂർത്തിയാകാത്ത കുട്ടികൾ വാഹനങ്ങൾ ഓടിക്കാതിരിക്കാനായി ഉപയോഗിക്കുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് പരിശോധിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി രക്ഷകർത്താക്കൾ, സ്കൂൾ അധികൃതർ, അദ്ധ്യാപക രക്ഷകർതൃസമിതി എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂളുകളിൽ പ്രവർത്തിക്കുന്ന റോഡ് സുരക്ഷാ ക്ലാസ്സുകൾ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. ലൈസൻസില്ലാതെ വാഹനമോടിക്കുന്നത് തടയുന്നതിന്റെ ഭാഗമായി റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസ്സുകളിൽ ഇത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകാറുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ പ്രവർത്തിക്കുന്ന മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളും ഓഫീസ് തലത്തിലുള്ള എൻഫോഴ്സ്മെന്റ് വിംഗും നിത്യേനയുള്ള വാഹന പരിശോധനാ സമയത്ത് ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കാറുണ്ട്. ഹെൽമറ്റ് പരിശോധനയും കർശനമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**